**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5250.** 15/11/2019 -ൽ മറുപടിക്ക്

**വള്ളിക്കുന്ന് ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ഫണ്ട്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ഡോ.കെ.ടി.ജലീൽ<br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **(എ)** പുതുതായി തുടങ്ങുന്നതോ തുടങ്ങിയതോ ആയ ഗവൺമെന്റ് കോളേജുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി നൂറുകോടി രൂപ വകയിരുത്തിയിട്ടുണ്ടോ; | (എ) | 13.11.2017 ലെ GO(MS)No.285/2017/HEdn ഉത്തരവ് പ്രകാരം 100 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിക്കുക യുണ്ടായി. ഈ തുക പുതുതായി ആരംഭിച്ച സ്ഥലം അത്യാവശ്യമായ, കോളേജുകൾക്കാണ് അനുവദിച്ചിരിക്കുന്നത്. |
| (ബി) ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 21.10.2019 ലെ G.O.(MS) No. 350/2019/HEDN സർക്കാർ ഉത്തരവ് പ്രകാരം മെസ്സേർസ് കിറ്റ്കോ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | 21.10.2019 ലെ GO(MS)No.350/2019/HEdn ഉത്തരവ് പ്രകാരം KITCO യെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള SPV ആയി നിയമിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഒന്നുപോലു മില്ലാത്ത വള്ളിക്കുന്ന് മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ഇത്തരത്തിൽ ഫണ്ട് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ? | (സി) | മേൽപ്പറഞ്ഞ ഉത്തരവിൽ KIIFB സഹായത്തോടുകൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 12 ഗവ.കോളേജുകൾ മാത്രമാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. വള്ളിക്കുന്ന് മണ്ഡലത്തിൽ ഗവ.ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**